# "ആ ചിത്രശലഭം-
# പറന്നോട്ടെ"



# അണിയറയിൽ

കഥ–തിരനാടകം,
സംവിധാനനിർദ്ദേശം ............ ബാലികാ മൂവീസ് യൂണിററ്

സംഭാഷണം ............ ബാലികാ മൂവീസ് യൂണിററ് &
കെ. ശിവദാസൻ

ഗാനങ്ങൾ ............ വയലാർ

സംഗീതം ............ ദേവരാജൻ

സംവിധാനസഹായി ............ ജെ. സി. ജോർജ്ജ്

അസോഷ്യേററ് പ്രൊഡ്യൂസർ............ എം. എസ്. പുല്ലിച്ചിറ

ഛായാഗ്രഹണം ............ കൃഷ്ണൻകുട്ടി

സഹസംവിധാനം ............ തൃപ്രയാർ C. K. സുകുമാരൻ

നിർമ്മാണം–സംവിധാനം

**പി. ബാൽത്തസാർ**

വിതരണം—**ഹസീന ഫിലിംസ്**

ബീച്ച് റോഡ്, കൊല്ലം–1.

# കഥ

ഗൗരിയമ്മ!

കുലീനയായ ഒരു തറവാട്ടമ്മ!
കുടുംബത്തിന്റെ അന്തസ്സും മഹത്ത്വവും ഉയർത്തിപ്പിടിക്കാൻ അവർ എപ്പോഴും തല്പരയായിരുന്നു. ജീവിതത്തിൽ ആനന്ദം മാത്രമേ അവർ അനുഭവിച്ചിരുന്നുള്ളു. അഭിമാനം മാത്രമേ അറിഞ്ഞിരുന്നുള്ളു.

ഗൗരിയമ്മയുടെ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ—യൗവ്വനം പൂത്തുകുലുങ്ങിയപ്പോൾ—അവരുടെ ഭർത്താവു മരിച്ചു. അതിനുശേഷം എത്രയോ വിവാഹാലോചനകൾ വന്നു കതകിൽമുട്ടി! സ്വന്തം കുഞ്ഞുങ്ങളുടെ ഭാവിയെക്കരുതി ആ കതക് വീണ്ടും തുറക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. അത് എന്നെന്നേയ്ക്കുമായി വലിച്ചടച്ചു. നീണ്ടുകിടക്കുന്ന ജീവിതപ്പാത ഏകാകിനിയായിത്തന്നെ പിന്നിടാൻ അവർ തീരുമാനിച്ചു. അങ്ങനെ, ത്യാഗത്തിന്റെ താഴികക്കുടമായി അവർ മാറി.

മക്കളായിരുന്നു, ഗൗരിയമ്മയുടെ എല്ലാവും. മകനെ ഒരു പ്രസിദ്ധസ്ഥാപനത്തിന്റെ മാനേജരാക്കി. മകളെ പഠിപ്പിച്ചു; ഉദ്യോഗസ്ഥയാക്കി; വിവാഹംചെയ്തുകൊടുത്തു. അവളുടെ മകനെ ലാളിച്ച് ഗൗരിയമ്മ ആനന്ദിച്ചു.

മകന്റെ വിവാഹം ഗൗരിയമ്മയുടെ മനസ്സിൽ കോളിളക്കങ്ങളുണ്ടാക്കി. അന്നുവരെ അമർത്തിവച്ചിരുന്ന സ്ത്രീസഹജമായ വികാരങ്ങളും അഭിലാഷങ്ങളും തിളച്ചുപൊങ്ങി. തനിക്കു നിഷേധിക്കപ്പെട്ട സുഖഭോഗങ്ങൾ മറ്റൊരു പെണ്ണ് അനുഭവിക്കുന്നതു കണ്ടപ്പോൾ ഗൗരിയമ്മയുടെ അടിച്ചമർത്തപ്പെട്ടിരുന്ന വികാരപരമ്പരകൾ പൈശാചികരൂപംപൂണ്ടു പുറത്തുചാടി. ആ പെണ്ണ് സ്വന്തം മകന്റെ ഭാര്യയായിരുന്നിട്ടും, അവർക്കതു നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

അവർ എന്തൊക്കെയാണു ചെയ്തതു്?

തന്റെ ജീവന്റെ ജീവനായിരുന്ന മകനെ വെറുത്തു. അവൻ വിവാഹം ചെയ്ത പെൺകുട്ടിയെ വെറുത്തു. അവൾ ചിരിക്കുന്നതു കണ്ടാൽ—ഭർത്താവുമായി സല്ലപിക്കുന്നതു കണ്ടാൽ—അവൎക്കു കലിയിളകുകയായി. അവളെ ആക്ഷേപിച്ചു; വേദനിപ്പിച്ചു; കരയിച്ചു; പട്ടിണിക്കിട്ടു. അവൾ ഗർഭിണിയാണെന്നറിഞ്ഞിട്ടും മകളോടൊത്തു വീടുമാറിത്താമസിക്കാൻ അവർ മടിച്ചില്ല. അങ്ങനെ, ആ ചിത്രശലഭത്തെ പറക്കാൻ അവർ അനുവദിച്ചില്ല.

സ്വന്തം മകൾ തന്നെ കൈവിട്ടപ്പോൾ ഹൃദയം തകന്ന ആ വീട്ടമ്മ അനന്തതയിലേയ്ക്കു നടന്നകന്നു.

അതിന്റെ ഫലമോ?

ഭത്താവിന്റെ അമ്മയെ വീട്ടിൽനിന്ന് അടിച്ചിറക്കി എന്ന അപവാദത്തിൽപ്പെട്ടു ഹൃദയംനൊന്ത നിഷ്കളങ്കയായ ഒരു പാവപ്പെട്ട പെണ്ണ്, അപകടകരമായ അകാലപ്രസവത്തിന്റെ കെടുതിയിൽപെട്ട്, ആശുപത്രിയിലെ ഓപ്പറേഷൻ തിയേറററിൽ കിടന്നു മരണത്തോടു മല്ലടിച്ചു........

പ്രസവവേദനയനുഭവിക്കുന്ന സ്വന്തം യുവഭാര്യയെപ്പോലും ശുശ്രൂഷിക്കാനാവാതെ, വീടുവിട്ടുപോയ പെററമ്മയെത്തേടി ഭ്രാന്തനെപ്പോലെ അലഞ്ഞ മകൻ അപകടമരണത്തിന്റെ മടിത്തട്ടിലേയ്ക്കു വലിച്ചെറിയപ്പെട്ടു........

ഒരു പാപവുമറിയാത്ത ഒരു ചോരക്കുഞ്ഞ്, പിറന്നുവീണപ്പോൾതന്നെ മാതാപിതാക്കളുടെ ജീവന്മരണനിശ്വാസമേററു പൊട്ടിക്കരഞ്ഞു........

എന്താണിതിനൊക്കെ കാരണം?

മനശ്ശാസ്ത്രം പഠിക്കുകയും, പഠിപ്പിക്കുകയും, പരിശോധിച്ചറിയുകയും ചെയ്ത ഒരു ബഹുമാന്യ വനിത അതിനു കാരണം കണ്ടുപിടിക്കുന്നു. ഒരു സ്ത്രീയുടെ ഉള്ളിന്റെ ഉള്ളിലുള്ള ഹൃദയവ്യാപാരങ്ങളിലേയ്ക്ക് അവരുടെ മേധാശക്തി കടന്നുചെല്ലുന്നു. അവർ പറയുകയാണ്..............................................
..............................................

# ഗാനങ്ങൾ

## 1

പാടിയതു്—മാധുരി

കണ്ണനെൻെറ കളിത്തോഴൻ—മണി
വർണ്ണനെൻെറ കളിത്തോഴൻ
കാലത്തു ശ്രീകോവിൽ തുറക്കുമ്പോൾ ഞാൻ
കണികണ്ടുണരും അയൽക്കാരൻ [കണ്ണനെൻെറ....]

തുകിലുണരാനെന്തു താമസം കൃഷ്ണാ
തിരുവമ്പാടിക്കൃഷ്ണാ
തളികയിൽ കർപ്പൂരത്തുളസിപ്പൂവുമായ്
തൊഴുതുനില്പൂ തവ രാധാ—നാഥാ
തരുമോ കണ്ണാ
തിരുഹൃദയത്തുവെണ്ണ [കണ്ണനെൻെറ....]

യദുകുലം മറന്നോ യമുനയെ മറന്നോ
പ്രിയവൃന്ദാവനം മറന്നോ
അവിടത്തെ വാടാത്ത വനമാലയുമായ്
അരികിൽ നില്പൂ തവ രാധാ—നാഥാ
തരുമോ കണ്ണാ
തിരുഹൃദയത്തുവെണ്ണ. [കണ്ണനെൻെറ....]

പാടിയതു്—യേശുദാസ്

പ്രകൃതി യുവതി രൂപവതി
പ്രേമം—നിന്നോടെനിക്കുള്ള ഹൃദയവികാരം
പ്രേമം! പ്രേമം! [പ്രകൃതീ....

നിന്റെയുഷസ്സുകൾ നിന്റെ ത്രിസന്ധ്യകൾ
നിന്റെ രാത്രികൾ രാഗിണിപ്പൂക്കൾ
അവയുടെ കതിർമണ്ഡപങ്ങളിൽനിന്നു ഞാൻ
ആയിരം വർണ്ണങ്ങൾ കവർന്നെടുത്തു
അനുഭൂതികൾക്കു നിറംകൊടുത്തു [പ്രകൃതീ....

നിന്റെ മൃദുസ്വരം നിന്റെ മധുസ്മിതം
നിന്റെ ലജ്ജയിൽ മുങ്ങിയ മൗനം
അവയുടെ മണിമഞ്ജൂഷകളിൽനിന്നു ഞാൻ
ആയിരം സ്വപ്നങ്ങൾ കവർന്നെടുത്തു
അനുരാഗത്തിനു കടംകൊടുത്തു. [പ്രകൃതീ....

പാടിയതു്—സുശീല

കരയാതെ മുത്തേ കരയാതെ
കളങ്കമില്ലാത്ത മുഖപ്രസാദം
കണ്ണുനീർകൊണ്ടു നീ കഴുകാതെ [കരയാതെ....

പൊൻപുഞ്ചിരിയുടെ കിലുക്കാംചെപ്പുകൾ
എന്തേ കിലുങ്ങിയില്ല
ഇന്നെന്തേ കിലുങ്ങിയില്ല?
പഞ്ചാരയുമ്മകൾ പോരാഞ്ഞിട്ടോ
പാതിരാസ്വപ്നമുണർത്തിയിട്ടോ?—നുള്ളി
ഉണർത്തിയിട്ടോ? [കരയാതെ....

അഞ്ജനമിഴിയിലെ മണിയമ്പുവുകൾ
എന്തേ മയങ്ങിയില്ല....?
ഇന്നെന്തേ മയങ്ങിയില്ല?
ഓമനപ്പാട്ടുകൾ പാടാഞ്ഞിട്ടോ
പൂമടിമെത്ത വിരിക്കാഞ്ഞിട്ടോ?—അമ്മ
വിരിക്കാഞ്ഞിട്ടോ? [കരയാതെ....

പാടിയതു്—മാധുരി

കുറുക്കൻ രാജാവായി
കുരങ്ങൻ മന്ത്രിയായി
അനന്തൻകാട്ടിലെ കഴുതകളെല്ലാം
ആസ്ഥാനഗായകരായി........ [കുറുക്കൻ....

വെഞ്ചാമരക്കാററിൻകീഴിൽ
പഞ്ചലോഹമണിപീഠത്തിൽ
പട്ടുക്കുട ചൂടി....രാജാവിരുന്നു
പട്ടാഭിഷേകം നടന്നു—കുറുക്കൻെറ
പട്ടാഭിഷേകം നടന്നു........ [കുറുക്കൻ....

വാനരസേനയുമൊരുമിച്ചൊരുനാൾ
നായാട്ടിനു പോയപ്പോൾ,
വനത്തിൽവച്ചു, വാൾമുനകൊണ്ടു
വാലു മുറിഞ്ഞു—കുറുക്കൻെറ
വാലു മുറിഞ്ഞു........................ [കുറുക്കൻ....

വാലാട്ടിയ മൃഗങ്ങൾ മുഴുവൻ
വാലു മുറിക്കാനുത്തരവായി
സിംഹം സട നീർത്തി, കാടാകെയിളകി
സിംഹാസനമവർ തകർത്തു—കുറുക്കൻെറ
സിംഹാസനമവർ തകർത്തു............ [കുറുക്കൻ....

# കഥാപ്രസംഗം

പറഞ്ഞതു്: കെ. ശിവദാസൻ

പാടിയതു്: പി. ബി. ശ്രീനിവാസൻ

പൂക്കുന്ന ലതകളും, മണക്കുന്ന മരങ്ങളും മനസ്സിനെ മദിപ്പിക്കുന്ന മധുകാലം!

അസുരചക്രവർത്തിയുടെ മകൾ, മനോഹരിയായ ശർമ്മിഷ്ഠ മാനസോല്ലാസത്തിനായി വനത്തിൽ വന്നെത്തി. ആയിരം തോഴിമാരുണ്ടു്, പരിചരിക്കാൻ. ശുക്രമഹർഷിയുടെ മകൾ ദേവയാനിയുണ്ടു്, സല്ലപിക്കാൻ. വനാന്തരങ്ങളിൽ വേട്ടയാടിക്കൊണ്ടിരുന്ന യയാതിമഹാരാജാവു് ശർമ്മിഷ്ഠയെക്കണ്ടു. ശർമ്മിഷ്ഠ യയാതിയെക്കണ്ടു. അവിടെ നാലു കണ്ണുകൾ സംസാരിച്ചു; കഥ പറഞ്ഞു. അവളുടെ കണ്ണുകളോടു രാജാവിൻെറ കണ്ണുകൾ ചോദിച്ചു:

കവിതയോ നിൻെറ കണ്ണിൽ
മധുരമോ നിൻെറ ചുണ്ടിൽ
അമൃതമോ നിൻെറ നെഞ്ചിൽ
പറയുമോ പ്രേമസഖീ നീ?

"പിന്നെക്കാണാം."—ശർമ്മിഷ്ഠയുടെ കണ്ണുകൾ മറുപടി പറഞ്ഞു. മൃഗങ്ങളെത്തേടി രാജാവു് വനത്തിൽ മറഞ്ഞു.

ആയിരത്തിരണ്ടു സുന്ദരിമാരും വസ്ത്രങ്ങളെല്ലാം അഴിച്ചു കരയിലെറിഞ്ഞിട്ടു് ഒരു കാട്ടുചോലയിൽ ചാടി നീന്തിക്കളിച്ചു നീരാടി.

സ്വർഗ്ഗത്തിൻെറ താഴ്വരയിൽനിന്നു താഴോട്ടു നോക്കിയ ദേവേന്ദ്രൻ പരിപൂർണ്ണനഗ്നകളായ ആ സുകുമാരിമാരെ കണ്ടു; ഭൂമിയിലിറങ്ങി ചോലയിൽ എത്തിനോക്കി. പക്ഷേ,

ആയിരം കണ്ണുകൾ പോരാ—പതി
നായിരം കണ്ണുകൾ പോരാ

തുള്ളിത്തുളുമ്പുന്ന വിങ്ങിക്കുലുങ്ങുന്ന
പെണ്ണിൻെറ ഭംഗികൾ കാണാൻ— (ആയിരം...

ആടകളില്ലാത്തൊരാരോമലാളിൻെറ
ആടിത്തുടിക്കുന്ന ഭംഗി കാണാൻ— (ആയിരം...

ആയിരത്തിരണ്ടു മോഹനാംഗിമാർ വസ്ത്രങ്ങളൊന്നും ധരിക്കാതെ കുലുങ്ങിക്കുലുങ്ങി ഓടിനടക്കുന്ന കാഴ്ച കാണാൻ കൊതിച്ച ദേവേന്ദ്രൻ കാററായി മാറി. വസ്ത്രങ്ങൾ അടിച്ചു പറത്തി. ആ സുന്ദരിമാർ കരയിലേക്കോടിക്കയറി. കയ്യിൽകിട്ടിയ വസ്ത്രങ്ങൾ കടന്നെടുത്തു. ശർമ്മിഷ്ഠ ധരിച്ചതു് ദേവയാനിയുടെ വസ്ത്രം. ദേവയാനി എതിർത്തു. വഴക്കായി; വാക്കേററമായി പെണ്ണുങ്ങളല്ലേ! പറയാൻപാടില്ലാത്ത പലതും പറഞ്ഞു. കോപിച്ച ശർമ്മിഷ്ഠ ദേവയാനിയെ ഒരു കിണററിൽ തള്ളിയിട്ടിട്ടു് അവിടെ നിന്നും പോയി!

നിലവിളികേട്ടോടിയെത്തിയ യയാതിമഹാരാജാവു്, നഗ്നയായ ദേവയാനിയെ രക്ഷിച്ചു; ആശ്രമത്തിലെത്തിച്ചു.

അതിൻെറ ഫലമോ?

ദേവയാനി രാജാവിനെ ആശിച്ചു; ശുക്രമഹർഷി കല്പിച്ചു. അങ്ങനെ,

ഹോമധൂമമുയരവേ മണിനാദമങ്ങു മുഴങ്ങവേ,
വേദസൂക്തകദംബമാലകളാടിനിന്നു വിളങ്ങവേ,

ദേവയാനി യയാതിയുടെ ഭാര്യയായി. ശർമ്മിഷ്ഠ ദേവയാനിയുടെ ദാസിയായി.

ഭൂമി സൂര്യനെ പലവട്ടം ചുററിക്കറങ്ങി. ഒരുദിവസം ദേവയാനി ആശ്രമത്തിലേയ്ക്കു പോയി. ആ സന്ദർഭവും കാത്തു്, രാജാവിനെയുമോർത്തു വേദനിച്ചിരുന്ന ശർമ്മിഷ്ഠാകുമാരി കുളിച്ചുവന്നു; അണിഞ്ഞൊരുങ്ങി.

നോക്കിയാൽ കൊതിതോന്നും
മട്ടിൽ നാഥനെക്കാണാൻ
ആഗ്രഹിച്ചവൾ നിന്നു കാമദേവതപോലെ.

അവൾ കൊതിച്ചപോലെ യയാതി ആ വഴി വന്നു.

രാജാവു് അവളെ നോക്കി. അവൾ രാജാവിനെ നോക്കി. നല്ലൊരവസരമാണു്; കൊതിച്ചു കൊതിച്ചിരുന്ന ദിവസമാണു്.

പിന്നെത്താമസിച്ചില്ല. രാജാവിൻെറ കൈകൾ ഉയർന്നുപോയി; കുമാരി ആ മാറിലേയ്ക്കു ചാഞ്ഞുപോയി.

“ശർമ്മിഷ്ഠേ”!—രാജാവു വിളിച്ചു.

“ദെ്....എത്ര രാവുകൾ! എത്ര രാവുകൾ കഴിഞ്ഞുപോയി!; എത്ര കിനാവുകൾ കൊഴിഞ്ഞുപോയി! ഈ എന്നെ മറന്നില്ലേ....?”

“ഇല്ല....” രാജാവു പറഞ്ഞു:

നിത്യവുമെൻെറ കിനാവിനുള്ളിൽ
നൃത്തംവച്ചതു നീയല്ലേ?

അവളുടെ കണ്ണുകൾ പകുതിയടഞ്ഞുപോയി; ചുണ്ടുകൾ പകുതിയും വിടർന്നുപോയി. കവിളുകൾ തുടുത്തുപോയി; കരളുകൾ തുടിച്ചുപോയി. കാമുകൻെറ കവിളോടു കവിളും ചേർത്തു്—ഉടലോടുടൽ ചേർത്തു്, അവൾ മയങ്ങി മയങ്ങി മൊഴിഞ്ഞു:

മാനമാമരമലരുകളെൻെറ
മാനസകഥകൾ പറഞ്ഞില്ലേ?

വീടു മറന്നു്, നാടു മറന്നു്, ലോകമേ മറന്നു് അവർ നിന്നപ്പോൾ, വാതിലിൻെറ വിടവിൽ എരിഞ്ഞുനില്ക്കുന്ന അതെന്താണു്?

കണ്ണുകൾ!

രണ്ടു കണ്ണുകൾ!!

വികാരവിക്ഷുബ്ധങ്ങളായ രണ്ടു കണ്ണുകൾ!!!

കോപാക്രാന്തനായ രാജാവ്, പരിസരം മറന്ന്, മനംതിളച്ചലറി:

"ഒട്ടിച്ചേരുന്ന രണ്ടു ഹൃദയങ്ങളെ വെട്ടിപ്പിളക്കാൻ ശ്രമിക്കുന്ന ദുഷ്ടേ! ഭാരതസമ്രാട്ടിന്റെ കോപാഗ്നിയിൽപ്പെട്ടു ചാമ്പലാകാതെ അകന്നുപോ. അകന്നുപോ....

പക്ഷേ, അതാ,

മണ്ണും വിണ്ണും ചുട്ടുപൊടിക്കാൻ
കണ്ണിൽ തീപ്പൊരി ചിതറുന്ന

ആരാണത്?

ആരാണത്?

അവർതന്നെ!

അവർ ഭയന്ന അവർതന്നെ.

ആകെത്തുടിയ്ക്കുന്ന ദേവയാനീ
ആകെത്തിളയ്ക്കുന്ന ദേവയാനീ.... ദേവയാനീ....

- ജനിച്ചതു തെററല്ലെങ്കിൽ കൊതിച്ചതെങ്ങനെ കുററമാകും?
- അടുത്തറിയുന്നതുവരെ എല്ലാവരും നല്ലവരാണ്.
- നേരിൻെറ നേരെ കണ്ണടയ്ക്കരുത്.
- മാടവും മേടയും ഒന്നുതന്നാ. താഴോട്ടു നോക്കിയാ മാട്ടം; മേലോട്ടു നോക്കിയാ മേട്.
- പറയുന്നവരുടെ നാവിലല്ല മററുള്ളവരുടെ മാനം.
- മണ്ണിൻെറ മക്കളെ താണവരെന്നു പുച്ഛിച്ചു മാററിനിറുത്തിയാൽ മനുഷ്യവർഗ്ഗത്തിൻെറ മരണമണി മുഴങ്ങും. അവരോടു ചേർന്നുനിന്നോ പററു. ഇന്നല്ലെങ്കിൽ നാളെ....
- പെണ്ണെന്നു പറഞ്ഞാലേ കൊഴപ്പവാ. ഹവ്വാ എന്ന ആദ്യത്തെ പെണ്ണിനെ സൃഷ്ടിച്ചതിൻെറ പിറേറദിവസം ഏദൻതോട്ടത്തിൽനിന്നും പോയ ദൈവം പിന്നിന്നുവരെ ഭൂമിയിൽ കാലുകുത്തിയിട്ടില്ല.

## അഭിനേതാക്കൾ

| | |
|---|---|
| പ്രേംനസീർ | ഷീല |
| ശങ്കരാടി | ററി. ആർ. ഓമന |
| അടൂർ ഭാസി | ഉഷാനന്ദിനി |
| ബഹദൂർ | കവിയൂർ പൊന്നമ്മ |
| ആലുംമൂട് | കോട്ടയം ശാന്ത |
| നെല്ലിക്കോടൻ | ശ്രീലത |
| മാസ്റ്റർ ജിക്കു... etc.....etc.... | രാധാമണി....etc....etc.... |

## പിന്നണിഗായകർ

| | |
|---|---|
| യേശുദാസ് | സുശീല |
| പി. ബി. ശ്രീനിവാസൻ | മാധുരി |

## കഥാപ്രസംഗം

കെ. ശിവദാസൻ

---

## ബാലികയുടെ അടുത്ത ചിത്രങ്ങൾ

★ അനിത ★ തണൽ

★ മയിലാഞ്ചി ★ വിശ്വാമിത്രൻ

★ അശോകചക്രം ETC.

കഥ—സംഭാഷണം—സംവിധാനം: ബാലികാ മൂവീസ് യൂണിററ്

# മലയാളസഹൃദയലോകത്തിനു്
# ‘‘ബാലിക’’യുടെ സംഭാവനകൾ

卐 മിന്നാൽ ഒന്നു വീഴും; തെന്നാൽ നിന്നു വീഴും.
രാത്രി വരും; പകലു വരും; പിന്നെയും രാത്രി വരും....
കഴിഞ്ഞ രാത്രിയോ—?

卐 മോളേ! പൂവിനെക്കാക്കാൻ മുള്ളൊണ്ടു്.
നിന്നെക്കാക്കാൻ നീയേ ഒള്ളേ....

卐 വയറു കരഞ്ഞാലും, കരളു കരഞ്ഞാലും
പെണ്ണിന്റെ കണ്ണു കരയരുതു്....

卐 താലികെട്ടാത്ത പെണ്ണും, വേലികെട്ടാത്ത മണ്ണും
കാത്തു രക്ഷിക്കാൻ പ്രയാസമാ....

卐 യൗവനം യൗവനമെന്നു പറഞ്ഞാ ഒരു വനമാ. അവിടെ ഇരുട്ടാ.
കാലൊന്നു പെശകിയാ വഴിയങ്ങുതെറ്റും; ജീവിതമങ്ങു തകരും....

卐 തലയണ തലയണ എന്നൊരണയുണ്ടു്. ആ അണയിൽ തലയും തലയും വച്ചൊരു മന്ത്രമുണ്ടു്. ആ മന്ത്രം ജപിച്ചാൽ ലോകത്തിലുള്ള സകല അമ്മാവിയമ്മമാരും വെള്ളത്തിലായതുതന്നെ. അത്ര ഭയങ്കരനാണു് തലയണമന്ത്രം........

ഇത്തരം സൂക്തങ്ങളുടെ സാരസ്യം “ആ ചിത്രശലഭം പറന്നോട്ടെ” കണ്ടു് ആസ്വദിക്കുക.

ജനയുഗം പ്രസ്സ്, കൊല്ലം.